# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *581

08/07/2013-ൽ മറുപടിയ്ക്ക്

### സിറ്റി കോർപ്പറേഷനുകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

ചോദ്യം

ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ.സി.മമ്മൂട്ടി
ശ്രീ.എം.ഉമ്മർ
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി

ശ്രീ.മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി

എ) സിറ്റി കോർപ്പറേഷനുകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

എ) ഇന്ത്യൻ ഭരണഘടനയുടെ 243 Q(2) പ്രകാരം ഒരു പ്രദേശത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, ആ പ്രദേശത്തിൽനിന്നും ലഭിക്കുന്ന നികുതി വരുമാനം അതിലൂടെ ആ പ്രദേശത്തിന്റെ ലോക്കൽ അഡ്മിനിസ്ട്രേഷൻ നടപ്പാക്കുന്നതിനുള്ള സാധ്യത, മൊത്തം ജനസംഖ്യയുടെ എത്ര ശതമാനം ആളുകൾ കാർഷികേതരമേഖലകളിൽ ജോലി ചെയ്യുന്നു വെന്നതിന്റെ കണക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവർണർക്ക് വിജ്ഞാപനം വഴി ഒരു നഗരപ്രദേശത്തെ ചെറിയ നഗരമെന്നോ വലിയ നഗര പ്രദേശമെന്നോ വിജ്ഞാപനം ചെയ്യാവുന്നതാണ്. കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 4 പ്രകാരം താരതമ്യേന വലിയ ഒരു നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

ബി) സംസ്ഥാനത്തെ സിറ്റി കോർപ്പറേഷനുകളുടെ ഗ്രേഡ് നിശ്ചയിച്ചിട്ടുള്ളത് പ്രസ്തുത മാനദണ്ഡപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

ബി) 10 ലക്ഷത്തിൽ മേൽ ജനസംഖ്യയു ള്ള നഗരങ്ങളെ മെട്രോ പൊളിറ്റൻ നഗരങ്ങളായി കണക്കാക്കി വരുന്നു എന്നാൽ കേരളത്തിൽ 10 ലക്ഷത്തിൽ മേൽ ജനസംഖ്യയു ള്ള കോർപ്പറേഷൻ നിലവിലില്ല. സംസ്ഥാനത്തെ സിറ്റി കോർപ്പറേഷനുകൾക്ക് ഗ്രേഡ് നിശ്ചയിച്ചിട്ടില്ല.

സി) ഉയർന്ന ഗ്രേഡിലെ കോർപ്പറേഷനുകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ സർക്കാരുകളിൽ നിന്നും ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ഇല്ല

ഡി) എങ്കിൽ സംസ്ഥാനത്തെ പ്രധാന കോർപ്പറേഷനുകളുടെ ഗ്രേഡ് ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ